ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നീക്കിവയ്ക്കുകയും പ്രസ്തുത തുകയിൽനിന്നും പെൻഷൻ പറ്റുന്ന ദിവസക്രമമനുസരിച്ച് മറ്റ് പെൻഷൻ ആനുകൂല്യങ്ങൾക്കൊപ്പം പ്രോവിഡന്റ് ഫണ്ട് ക്ലോഷർ തുകയും നൽകിവരികയാണ്. സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് പി.എഫ്. കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ത്വരിതപെടുത്തുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക്, പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തവർക്ക് കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി

88 [5644] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യിൽ നിന്നും പെൻഷൻ പറ്റിയ കോഴിക്കോട് ജില്ലയിലെ എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ട്;

(ബി) എത്ര ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്;

(സി) പെൻഷൻ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും പൂർണ്ണമായി നൽകുന്നതിന് എത്ര കോടി രൂപയുടെ ചെലവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) എന്നത്തേക്ക് കുടിശ്ശികകൾ തീർത്ത് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽനിന്നും പെൻഷൻ പറ്റിയ 149 പേർക്കായി 3,45,09,971 രൂപ കൊടുത്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇനിയും എഴുപതോളം പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

(സി) ഏകദേശം മൂന്നുകോടി രൂപ ആവശ്യമായി വരും.

(ഡി) സീനിയോറിറ്റി മുറയ്ക്ക് സമയബന്ധിതമായി നൽകിക്കൊണ്ടിരിക്കയാണ്.

ശ്രീചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ നിയമനം

89 [5645] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ശ്രീചിത്തിര തിരുനാൾ എൻജിനീയറിംഗ് കോളേജിലെ ജീവനക്കാരെ നിയമിക്കുന്നതാരാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത എൻജിനീയറിംഗ് കോളേജിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly